ഉത്തരം

(എ) ഉണ്ട്.

(ബി) ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

കോഴിക്കോട് ജില്ലാ ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടം പണി

66 [74] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടം പണിയുന്നതിന് സ്ഥലം കോഴിക്കോട് കോർപ്പറേഷൻ വിട്ടുതന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് ഒരു കെട്ടിടം പണിയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി പ്രത്യേകമായി തുക വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ കെട്ടിടം പണി ഇപ്പോൾ തുടങ്ങുവാൻ വിഷമമുണ്ട്.

വയലടയിലെ ഗവൺമെന്റ് അലോപ്പതി റൂറൽ ഡിസ്പെൻസറിയുടെ കെട്ടിടം പണി

67 [75] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട പനങ്ങാട പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അലോപ്പതി ഡിസ്പെൻസറിക്ക് സ്വന്തമായി ഒരു കെട്ടിടം പണിയുന്നതിന് സ്ഥലം അകയർ ചെയ്യുന്നതിനുള്ള നടപടികൾ എന്തായെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഡിസ്പെൻസറി പ്രവർത്തിക്കുന്ന കെട്ടിടം തികച്ചും അപര്യാപ്തമാണെന്ന കാര്യം പരിഗണിച്ച് സ്വന്തമായി ഒരു കെട്ടിടം പണിയുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഡിസ്പെൻസറിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കാൻ സാദ്ധ്യതയുള്ളതിനാൽ, അകയർ ചെയ്യാൻ നടപടികളൊന്നും എടുത്തിട്ടില്ല.

(ബി) സൗജന്യമായി നൽകാമെന്ന് വാഗ്ദാനം ചെയ്ത സ്ഥലം ലഭിക്കുകയോ അല്ലെങ്കിൽ സൗകര്യപ്രദമായി മറ്റു സ്ഥലം ലഭിക്കുകയും, കെട്ടിടം പണിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly